മംഗളം
MANGALAM MALAYALAM NEWS

30 September 2022

# സി.എം.എഫ്.ആർ.ഐ. രാജ്യത്ത് ഒന്നാമത്

കൊച്ചി: ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) റാങ്കിങ്ങിൽ ഫിഷറീസ്-അനിമൽ സയൻസ് വിഭാഗത്തിൽ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) രാജ്യത്ത് ഒന്നാമതെത്തി. 2019 മുതൽ 2021 വരെയുള്ള കാലയളവിൽ മികവിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ പട്ടികയിലാണ് സി.എം.എഫ്.ആർ.ഐ. മുന്നിലെത്തിയത്.

കൂടാതെ, ഐ.സി.എ.ആറിന് കീഴിൽ ആറ് വിഭാഗങ്ങളിലായുള്ള 93 ഗവേഷണ സ്ഥാപനങ്ങളുടെ പട്ടികയിൽ മൂന്നാമതാണ് സി.എം.എഫ്.ആർ.ഐ. കേരളത്തിൽ ആസ്ഥാനമുള്ള അഞ്ച് ഐ.സി.എ.ആർ. സ്ഥാപനങ്ങളിൽ ഒന്നാമതെത്തിയതും സി.എം.എഫ്.ആർ.ഐയാണ്.